**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2675** **06-10-2025 - ൽ മറുപടിയ്ക്ക്**

**കയർ, കശുവണ്ടി, കൈത്തറി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ, കശുവണ്ടി, കൈത്തറി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിനും വൈവിധ്യവൽക്കരണത്തിനും 2016-17 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ? | (എ) | **കയർ മേഖല**<br>• ഉൽപന്ന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.<br>• കയർ മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും സേവന വേതന വ്യവസ്ഥ ഉറപ്പാക്കുന്ന തിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br>• കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്ന് 14 ജില്ലകളിലേയും തദ്ദേശ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്രം വിപണനം ചെയ്തു വരുന്നു.<br>• കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, സോയിൽ കൺസർവേഷൻ വകുപ്പ്, കെ. എസ്. ഇ. ബി., മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.<br>• ഇതരസംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.<br>• ആഭ്യന്തര വിപണി വിപുലപ്പെടുത്തു ന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും കേരളത്തിന് പുറത്തെ തിരഞ്ഞെടുത്ത സംസ്ഥാന ങ്ങളിലും ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുകയും ഇവർ വഴിയും കയർ കോർപ്പറേഷന്റേയും കയർഫെഡിന്റെയും നിലവിലുള്ള ഷോറൂമുകൾ, സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങളുടെ വിൽപന ശാലകൾ, വിശാൽ മെഗാമാർട്ട്, ഡി-മാർട്ട്, റിലയൻസ് |

റീടെയിൽ, ആമസോൺ, പെപ്പർഫ്രൈ, ഇൻഡ്യമാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും വിൽപന നടത്തി വരുന്നു.

- കയർ കോർപ്പറേഷൻ വിപണിക്കാവശ്യമായ നൂതന ഡിസൈനുകളിൽ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന്, പരമ്പരാഗത കയർ തൊഴിലാളികൾക്ക് പരിശീലനം നൽകി വരുന്നു.
- വിപണന സാധ്യത വിപുലീകരിക്കു ന്നതിനായി വാൾമാർട്ട് ഉൾപ്പെടെയുള്ള വാണിജ്യ ശൃംഖലകളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.
- ഒഡീഷയിലെ ഒരു അയൺ ഓർ മൈനിംഗ് സ്ഥാപനവുമായി കയർ ഭൂവസ്ത്രവിതാനം ഒരു പൈലറ്റ് പ്രൊജക്ട് ആയി കയർ കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
- കോക്കോഫെർട്ട്, ഇനോക്കുലേറ്റഡ് പിത്ത്, പിത്ത് ബ്രിക്കറ്റ് മുതലായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ കയർഫെഡ് ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു.
- അമൃത്സർ ഗോൾഡൻ ടെമ്പിൾ, ചെന്നൈ ക്രിക്കറ്റ് അസോസിയേഷൻ എന്നിവർക്ക് കയർഫെഡ് ഉത്പന്നങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.
- ഡിസൈൻ പരിശീലനം ലഭിച്ച കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കയർ കോർപ്പറേഷൻ വഴി ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലാണ്.
- National Coir Research Management Institute നൂതനമായ ഗവേഷണ ഉത്പന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.
- പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി NID ഭോപ്പാലുമായി ചേർന്ന് ഒരു Product Research and Design Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചു. ഇപ്പോൾ ആലപ്പുഴയിൽ ആദ്യഘട്ടമായി 350 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു.
- ക്രാഫ്റ്റ്സ്മാൻമാർക്കുള്ള പരിശീ ലനം പൂർത്തിയാക്കിയവരുടെ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ആരംഭിക്കു ന്നതിന് **99.15 ലക്ഷം രൂപയുടെ** ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പരിശീ ലനവും

മാനേജ്മെന്റിനുമായി 62.65 ലക്ഷംരൂപ വിതരണം ചെയ്തിട്ടുണ്ട്.

- NCRMI ഇ -കയർ ബാഗുകൾ, പീറ്റ് കോൾ ഡോട്സ്, ടെൻഡർ കോകോ നട്ട് ക്രഷർ, കയർ ഡിവൈഡർ, എയർ ഫ്രഷ്നെർ, കോകോ നർച്ചർ, റബ്ബർ മീറ്റർ എന്നിവ വികസിപ്പിച്ചു.
- കയർ തൊഴിലാളികൾക്ക് വേണ്ടി NCRMI ഇലക്ട്രോണിക് റാട്ടുകളിലും, ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനു കളിലും, ഫ്രെയിം മാറ്റുകളിലും പരിശീലനം നൽകി വരുന്നു.

**കശുവണ്ടി മേഖല**

1. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.

കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീനവത്കരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്നു

2022-23 സാമ്പത്തിക വർഷം "Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood" പദ്ധതിക്ക് 700 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, കാസറഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 80 ലക്ഷം രൂപ തിരുവനന്തപുരം (25 ലക്ഷം), കൊല്ലം (45 ലക്ഷം), പത്തനംതിട്ട (5 ലക്ഷം), കാസർഗോഡ് (5ലക്ഷം രൂപ) എന്നീ ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

2025- 26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector)

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ്/ അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി കശുവണ്ടി മേഖലയുടെ പുനരുജ്ജീവന ത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിന് അനുമതി നൽകിയിരുന്നു.

A) Continued Operation Linked Stimulus Programme - 20 കോടി രൂപ

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 20 കോടി രൂപ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപ്പാദന ക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനസ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക്/ പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം, EPF/ESI വിഹിതം എന്നിവ അടിസ്ഥാനമാക്കി ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

B) Women Friendly Physical infra Creation/Upgradation - 5 കോടി രൂപ

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ

ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

C.) Modernization /Upgradation of Shelling Units - 5 കോടി രൂപ

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിങ്ങ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനം വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും ആയതിന് സ.ഉ (സാധാ) നം.446/2025/വ്യവ. തീയതി, 26.04.2025 പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്കായി 2024-25 വർഷത്തേയ്ക്ക് 200 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. 2025-26 സാമ്പത്തിക വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്

3) ഒറ്റത്തവണ തീർപ്പാക്കൽ (OTS)
സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' (OTS) പദ്ധതിയുടെ പരിധിയിൽ 31.03.2021-വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വ്യവസായികൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31.12.2025 വരെ ദീർഘിപ്പിച്ചു നൽകാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും പരിഗണിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതു പ്രകാരം SLBC കൺവീനർ ബാങ്കുകൾക്ക് നേരിട്ട് നിർദ്ദേശം നൽകിയിരുന്നു.

2018-19 മുതൽ നാളിതുവരെ കേരള കാഷ്യൂ ബോർഡ് വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും 93,774.028 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയത് വഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ സാധിച്ചു. ഈ സാമ്പത്തിക വർഷം കേരള കാഷ്യൂ ബോർഡിന് പ്രവർത്തന മൂലധനവായ്പയായി 41 കോടി രൂപയും One Time Adhoc Loan മുഖാന്തിരം 50 കോടി രൂപയും നൽകിയതിലൂടെ കൂടുതൽ തോട്ടണ്ടി നേരത്തെ തന്നെ സംഭരിക്കാൻ സാധിച്ചു.

2025-26 വർഷത്തിൽ ബഡ്ജറ്റിൽ കശുവണ്ടി വികസന കോർപ്പറേഷന് ഫാക്ടറികളുടെ ആധുനികവൽക്കര ണത്തിനും ഭാഗികവൽക്കരണത്തിനും 1.65 കോടി രൂപയും ബ്രാൻഡ് ബിൽഡിംഗിന് 1.40 കോടി രൂപയും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗീക യന്ത്രവത്ക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളി കളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കാപ്പക്സിന് നവീകരണ യന്ത്രവൽകൃത പ്രവർത്തനങ്ങൾക്കും ബ്രാൻഡ് ബിൽഡിങ്ങിനുമായി ഈ വർഷം യാഥാക്രമം 2.70കോടി രൂപയും, 0.30കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും യഥാക്രമം 94.50 ലക്ഷം രൂപയും 10.50 ലക്ഷം രൂപയും കാപ്പക്സിന് റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കൂടാതെ, തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

**കൈത്തറി മേഖല**

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ **കൈത്തറി** മേഖലയെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം

2. സർക്കാർ ഓഹരി പങ്കാളിത്തം (ഹാന്റക്സ്)

3. സർക്കാർ ഓഹരി പങ്കാളിത്തം (ഹാൻവീവ്)

4. നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണിവായ്പ.

6. യുവവീവ് പദ്ധതി

7. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി

8. കൈത്തറിഗ്രാമത്തിന്റേയും സമഗ്ര കൈത്തറി ഗ്രാമത്തിന്റേയും സ്ഥാപനം.

9. അംശദാന സമ്പാദ്യ പദ്ധതി.

10. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

11. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി

12. കൈത്തറി സംഘങ്ങളുടെ ആധുനിക വത്ക്കരണവും മൂല്യവർദ്ധിത ഉത്പന്ന ങ്ങളുടെ പ്രോത്സാഹനവും.

13. പരിശീലന വൈദഗ്ധ്യ വികസന പരിപാടി

14.ദേശീയ കൈത്തറി വികസന പരിപാടി

15.നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കൽ

16. കാഞ്ഞിരോട് കൈത്തറി ഗ്രാമം / ഹാൻഡ്‌ലൂം വില്ലേജ്

17. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി

18.ഹാന്റക്സ് പുനരുദ്ധാരണ പരിപാടി

19. പ്രീമിയം ഉൽപ്പന്നങ്ങൾക്കുള്ള ഉൽപ്പന്ന വികസന സഹായം.

20. സൗജന്യ കൈത്തറി യൂണിഫോം പദ്ധതി

**ഖാദി മേഖല**

ഖാദിമേഖലയുടെ വൈവിധ്യവൽക്കരണ ത്തിനും സംരക്ഷിക്കുന്നതിനും ടി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

- തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന

തരത്തിൽ ചർക്കകളിൽ നവീകരണം നടത്തുന്നതിനായി IIT ചെന്നൈയുടെ കീഴിൽ Rutag-മായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു.

- സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, നവീകരിക്കുന്നതിനും ഖാദി സ്ഥാപനങ്ങൾ/ സഹകരണ സംഘ ങ്ങൾക്കും ധനസഹായം എന്നിവയ്ക്കെല്ലാം തുക അനുവദിച്ചു വരുന്നു.
- ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തിസംസ്കരണ കേന്ദ്രം നവീകരിച്ചു ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമിച്ച് ഗുണനില വാരമുള്ള സ്ലൈവർ ഉത്പാദിപ്പിച്ചു സ്ലൈവർ ക്ഷാമം പരിഹരിച്ചു.
- ബോർഡിന്റെ ഉടമസ്ഥതയിലുള്ള കാലപ്പഴക്കംചെന്ന കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുനരുദ്ധാരണ ത്തിനുമായി ത്രിതല പഞ്ചായത്തിൽ നിന്നും എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- ഖാദി തൊഴിലാളികളുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോസ്റ്റ് ചാർട്ട് പ്രകാരമുള്ള മാസവേതന ത്തിനു പുറമെ ഇൻകം സപ്പോർട്ട് സ്കീമിൽ സർക്കാർ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക അനുവദിച്ചു നൽകുന്നുണ്ട്.
- ഇൻസന്റീവ്, ഉൽസവബത്ത, ഇ.എസ്.ഐ. ആനുകാല്യങ്ങൾ, ഹോളിഡേ വേജസ്സ്, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും നൽകിവരുന്നു.

**മുള, കരകൗശല മേഖല**

മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടേയും ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന തിനുള്ള അടിസ്ഥാന പരിശീലനം.

- കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്ന തിനായുള്ള പരിശീലനം.
- പരിശീലകർക്കുള്ള പരിശീലന പരിപാടി.
- കരകൗശല വസ്തുക്കൾ നിർമ്മിക്കു ന്നതിനുള്ള സാങ്കേതിക സഹായം.
- പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം.
- മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തു ന്നതിനായി ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ കരകൗശല ക്കാരെ പങ്കെടുപ്പിക്കുന്നു.
- മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ .
- വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് .
- കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയ ത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ ബാംബൂ മിഷൻ നടപ്പിലാക്കുന്നു.
- മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടികളും നൈപുണ്യ വികസന പരിശീലന പരിപാടി.
- ബാംബൂ മിഷൻ അങ്കമാലിയിൽ സ്ഥാപിച്ച ബാംബൂ ഇന്നവേഷൻ സെന്ററിൽ പരിശീലനം നൽകി വരുന്നു.
- പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണത്തിനായി ഡിസൈൻ വർക്ക്ഷോപ്പുകൾ.
- പരിശീലകർക്കുള്ള പരിശീലന പരിപാടി.
- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം.

ബാംബൂ മിഷന്റെ സഹായത്തോടെ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.

- കോതമംഗലത്ത് സ്ഥാപിച്ച ലൈവ്‌ലി ഹുഡ് ബിസിനസ് ഇൻക്യുബേഷൻ സെന്റർ ആൻഡ് ബാംബൂ ബസാർ.
- അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി യിൽ നടപ്പാക്കിയ ഏക്കർ ബാംബൂ പ്ലാന്റേഷൻ.
- മൂന്നാറിലും കുമരകത്തും മാനന്ത വാടിയിലും നടപ്പാക്കിയ ബാംബൂ ബസാർ.
- എറണാകുളം ജില്ലയിൽ ചുള്ളി യിലും ചേരാനല്ലൂരും കമ്യൂണിറ്റി മാറ്റ്‌വീവിങ്

സെന്ററുകൾ.

- ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകുവാൻ ആരംഭിച്ചു.
- ബാംബൂ ഓഫീസ് സ്റ്റേഷനറി കളുടെ അംഗീകൃത വിതരണക്കാർ ആയി ബാംബൂ കോർപ്പറേഷനെ അംഗീകരിച്ചു.
- കേരളത്തിലെ **കരകൗശല** മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന കേരള ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു.
- സംസ്ഥാനത്ത് **കരകൗശല** വ്യവസായം വികസിപ്പിക്കുന്നതിനും കരകൗശല വിദഗ്ധർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി കേരളത്തിലെ കരകൗശല മേഖലയിലെ വിദഗ്ധരിൽ മികവുള്ളവരെ കണ്ടെത്തി കേരള സംസ്ഥാന സർക്കാർ കരകൗശല അവാർഡ് നൽകി വരുന്നു.

കരകൗശലമേഖലയെ സംരക്ഷിക്കു ന്നതിനും, വൈവിധ്യവൽക്കരണത്തിനും കരകൗശല വികസന കോർപ്പറേഷൻ 2016-17 മുതൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ പ്രതിപാദിക്കുന്നു.

- കരകൗശല തൊഴിലാളികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിലേക്കായി എക്സിബിഷനുകൾ, ക്രാഫ്റ്റ്ബസാറുകൾ എന്നിവ സംഘടിപ്പിക്കുക.
- പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ ആവിഷ്കരിക്കു ന്നതിനും പരിശീലനം നൽകുക.
- സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്യുക.
- പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് കരകൗശല മേഖലയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിലേക്കായി ക്രാഫ്റ്റ് അവേർനെസ്സ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
- ഒരു പ്രത്യേക ക്രാഫ്റ്റിൽ പ്രാവീണ്യം സിദ്ധിച്ച കരകൗശല വിദഗ്ധർക്ക് ഒരുമിച്ച് കൂടി ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും പുതിയ ഡിസൈ നുകൾ രൂപപ്പെടുത്തുവാനുമായി

| | | | |
|---|---|---|---|
| | | | താഴെപ്പറയുന്ന സ്ഥലങ്ങളിൽ സാധ്യമാക്കുന്ന പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി.<br>1.കുഞ്ഞിമംഗലം,കണ്ണൂർ -ബെൽമെറ്റൽ ക്രാഫ്റ്റ്<br>2.ചേർപ്പ്, തൃശ്ശൂർ -മരാധിഷ്ഠിത ക്രാഫ്റ്റ് (Wood craft)<br>3.കടവൂർ, കൊല്ലം-സ്കൂാപിക്ചർ ക്രാഫ്റ്റ്<br>വൈവിധ്യവല്ക്കരണത്തിന്റെ ഭാഗമായി സുഗന്ധവ്യഞ്ജനവും കരകൗശലവും സംയോജിപ്പിച്ചുകൊണ്ടുള്ള സ്പൈസസ് ഇൻ ക്രാഫ്റ്റ് എന്ന ആശയത്തിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്തു വരുന്നു. കൂടാതെ പുതിയ ഉൽപ്പനങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പുതിയ ഉൽപ്പന്നങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ